# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(ഹാജർ : സി.എ.ലത, ഐഎഎസ്)*

പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം പി.ഓ, തിരുവനന്തപുരം- 695 033

**എൽആർഇ(2)- 7858/2019** **തീയതി: 20-06-2019**

വിഷയം : ജീവനക്കാര്യം- ലോക് സഭാ പൊതു തെരഞ്ഞെടുപ്പ്-2019-കേരള റവന്യൂ സർവ്വീസ്- തഹസിൽദാർ/ സീനിയർ സൂപ്രണ്ട് തസ്തിക - സ്ഥലംമാറ്റം- ഉത്തരവാകുന്നു

വായന :
1) ചീഫ് ഇലക്ടറൽ ഓഫീസർ സർക്കാരിലേക്ക് അയച്ച 24.01.2019ലെ 130/ഇഎൽ3/2019/ഇലക്ഷൻ എന്ന കത്തിലെ നിർദ്ദേശങ്ങൾ
2) സർക്കാരിൽ നിന്നുള്ള 14.02.2019ലെ റവ/സി1/22/2019-റവ നമ്പർ കത്ത്
3) വിവിധ ജില്ലാ കലക്ടർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ
4) ഈ കാര്യാലയത്തിൽ നിന്നുള്ള 19.02.2019,06.03.2019 എന്നീ തീയതികളിലെ എൽആർഇ(2)- 7858/2019 നമ്പർ നടപടിക്രമങ്ങൾ
5) ഈ കാര്യാലയത്തിൽ നിന്നുള്ള 19.06.2019ലെ എൽആർഇ(2)- 7858/2019 നമ്പർ നടപടിക്രമം
6) ശ്രീമതി ഗീത കാണിശ്ശേരി, സ്പെഷ്യൽ തഹസിൽദാർ,എൽഎ ജനറൽ, കാക്കനാട് സമർപ്പിച്ച അപേക്ഷ

2019ലെ ലോക് സഭാ പൊതു തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് വായന(1),(2) എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങളനുസരിച്ചും ഭരണസൗകര്യാർത്ഥവും ലാൻഡ് റവന്യൂ വകുപ്പിലെ കേരളാ റവന്യൂ സർവ്വീസ് (തഹസിൽദാർ) സ്പെഷ്യൽ റൂൾസിൽ ഉൾപ്പെട്ടു വരുന്ന തഹസിൽദാർ/സീനിയർ സൂപ്രണ്ടുമാരെ വിവിധ തസ്തികകളിലേക്ക് മാറ്റി നിയമിച്ച് വായന(4) പ്രകാരം ഉത്തരവായിരുന്നു. പൊതു തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള നടപടികൾ അവസാനിച്ച സാഹചര്യത്തിൽ ടി ജീവനക്കാരെ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിലേക്ക് ഉടൻ പ്രാബല്യത്തിൽ തിരികെ മാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന തസ്തിക | | സ്ഥലം മാറ്റി നിയമിക്കുന്ന തസ്തിക | |
|---|---|---|---|---|---|
| 1 | എം.കെ.ഷാജി | സ്പെഷ്യൽ തഹസിൽദാർ, എൽഎ ജനറൽ | കോട്ടയം | തഹസിൽദാർ | പീരുമേട് |
| 2 | സുരേഷ്.പി | സ്പെഷ്യൽ തഹസിൽദാർ, എൽഎ | കിൻഫ്ര, പാലക്കാട് | തഹസിൽദാർ | ഏറനാട് |
| 3 | ശുഭൻ.പി | തഹസിൽദാർ | ഏറനാട് | സ്പെഷ്യൽ തഹസിൽദാർ, ആർആർ | കോഴിക്കോട് |
| 4 | ഹരിശ്ചന്ദ്രൻ നായർ.എ | തഹസിൽദാർ | തിരുവനന്തപുരം | സീനിയർ സൂപ്രണ്ട്, ഇൻസ്പെക്ഷൻ, കലക്ടറേറ്റ് | തിരുവനന്തപുരം |

വായന(5) പ്രകാരമുള്ള ഉത്തരവിൽ ചുവടെ ചേർത്ത പ്രകാരമുള്ള ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര് | നിലവിൽ ജോലി ചെയ്യുന്ന തസ്തിക | | സ്ഥലം മാറ്റി നിയമിക്കുന്ന തസ്തിക | |
|---|---|---|---|---|---|
| 5 | സുരേഷ് കുമാർ. ജി.കെ | തഹസിൽദാർ | കൊല്ലം | തഹസിൽദാർ | തിരുവനന്തപുരം |

Scanned by CamScanner

കൂടാതെ, വായന(5) പ്രകാരമുള്ള ഉത്തരവിലെ ക്രമനമ്പർ 59 ആയി ചേർത്തിട്ടുള്ള ശ്രീമതി ഗീത കാണിശ്ശേരി വായന (6) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാളുടെ സ്ഥലംമാറ്റം റദ്ദ് ചെയ്ത് കൊണ്ടും ടിയാളെ നിലവിൽ ജോലി ചെയ്യുന്ന തസ്തികയിൽ തുടരാൻ അനുവദിച്ച് കൊണ്ടും ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ ടി ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യാനും ജോലിയിൽ പ്രവേശിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം 22.06.2019 തീയതിയ്ക്കകം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ഓഫ് ട്രാൻസ്ഫർ ഓഫ് ചാർജ്ജ് (ആർറ്റിസി) ഉചിതമാർഗ്ഗേണ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ കലക്ടർ/ മേലധികാരി മുഖേന)

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) ചീഫ് ഇലക്ടറൽ ഓഫീസർ & അഡീഷണൽ ചീഫ് സെക്രട്ടറി, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3) പ്രിൻസിപ്പൽ സെക്രട്ടറി , റവന്യൂ (സി) വകുപ്പ്, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
4) ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്ക്
5) കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സിഎ
6) എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
7) സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Scanned by CamScanner